13447
22/12/20

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ്- സിനിമാ നാടക സംഗീത സംവിധായകനായിരുന്ന എം. കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയ്ക്ക് 'പ്രമുഖരായ കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും വിധവകൾക്കും/ആശ്രിതർക്കും ധനസഹായം നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതി' പ്രകാരം പ്രതിമാസ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

സാംസ്കാരികകാര്യ (സി) വകുപ്പ്

സ.ഉ.(കൈ) നം.15/2020/സാം.കാ.വ തീയതി,തിരുവനന്തപുരം, 20/12/2020

---

പരാമർശം:- സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 29/05/2020 തീയതിയിലെ

എ4- 1878/2020/സാം.വ. നമ്പർ കത്ത്.

## ഉത്തരവ്

പ്രശസ്ത സിനിമാ നാടക സംഗീത സംവിധായകനായിരുന്ന അന്തരിച്ച ശ്രീ. എം. കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയ്ക്ക് 'പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം' നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാവുന്നതാണെന്ന് പരാമർശം പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അന്തരിച്ച ശ്രീ എം. കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയ്ക്ക് 'പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം' നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 4000/- രൂപ(നാലായിരം രൂപ മാത്രം) നിരക്കിൽ ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

പകർപ്പ്

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ശ്രീമതി ഭാരതി, W/o Late എം.കെ.അർജ്ജുനൻ മാസ്റ്റർ, പാർവ്വതി മന്ദിരം, പള്ളുരുത്തി, കൊച്ചി - 6

(സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖേന)

ജില്ലാ കളക്ടർ, എറണാകുളം

ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( EDN-C3/195/2020-FIN തീയതി 16.09.2020 പ്രകാരം).

പൊതുഭരണ (SC) വകുപ്പ്

വിവര പൊതുജന സമ്പർക്ക് വകുപ്പ് (വെബ് സൈറ്റിലേയ്ക്കായി)

കരുതൽ ഫയൽ .

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2020

ഫയൽ നം. 111/സി3/2020/സാം.കാ.വ. ഇനം നം: 4377

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - പ്രമുഖരായ കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം നൽകുന്ന പദ്ധതി പ്രകാരം, അന്തരിച്ച സിനിമാ നാടക സംഗീത സംവിധായകൻ എം.ജെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി. ഭാരതിയ്ക്ക് പ്രതിമാസം 4000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

17/12/2020

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.

4820090/2020/OS-CLAD

4377

# കേരള സർക്കാർ
## ശ്രീ.പിണറായി വിജയൻ മന്ത്രിസഭ
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 111/സി3/2020/സാം.കാ.വ |
| 2 | വകുപ്പ് | : സാംസ്കാരികകാര്യ (സി) വകുപ്പ് |
| 3 | വിഷയം | : പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം നൽകുന്ന പദ്ധതി പ്രകാരം, അന്തരിച്ച സിനിമാ നാടക സംഗീത സംവിധായകൻ എം.കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയ്ക്ക് പ്രതിമാസം 4000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 26/10/2020 |
| 5 | 1. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | 2. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : ഉണ്ട് |
| | ഉണ്ടെങ്കിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീ. അജിത് കെ. ജോസഫ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീമതി റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 05/11/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 12/11/2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. എ. കെ. ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 27/11/2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 15/12/2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

4820090/2020/OS-CLAD

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പ്രശസ്ത സിനിമാ നാടക സംഗീത സംവിധായകനായിരുന്ന അന്തരിച്ച എം. കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതി വാർദ്ധക്യ സഹജമായ രോഗങ്ങളാൽ ചികിത്സയിൽ കഴിയുന്നതിനാൽ, 'പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം' നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതി പ്രകാരം പ്രതിമാസ സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. അന്തരിച്ച എം. കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയ്ക്ക് പ്രതിമാസ ചിലവിലേയ്ക്ക് ഒരു നിശ്ചിത സംഖ്യ പെൻഷൻ അനുവദിക്കണമെന്ന് ബഹു. എം.എൽ.എ. ശ്രീ. ജോൺ ഫെർണാണ്ടസ് സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

3. ജീവിച്ചിരുന്നപ്പോൾ കലാസാംസ്കാരിക മേഖലയിൽ നൽകിയ ഗണ്യമായ സംഭാവനകൾ കണക്കിലെടുത്ത് ചില പ്രമുഖ കലാസാംസ്കാരിക പ്രവർത്തകരുടെ വിധവ/ആശ്രിതർക്ക് അവരുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പ്രതിമാസം 4000/-രൂപ 'പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം നൽകുന്ന പദ്ധതി' പ്രകാരം 2205-00-102-69(NP) ശീർഷകത്തിൽ തുക വകയിരുത്തി അനുവദിച്ചുവരുന്നുണ്ട്. ശ്രീമതി മേരി ആന്റണി (അന്തരിച്ച നടൻ പി. ജെ. ആന്റണിയുടെ വിധവ),. ശ്രീമതി ബിച്ചാ ബാബുരാജ് (അന്തരിച്ച പ്രമുഖ സംഗീത സംവിധായകൻ ബാബുരാജിന്റെ വിധവ), ശ്രീമതി ഭദ്ര (അന്തരിച്ച നാടക നടനും സംവിധായകനുമായ തോപ്പിൽ കൃഷ്ണപിള്ളയുടെ വിധവ), ശ്രീമതി ഹസ്സാ ഹൈദ്രാലി (അന്തരിച്ച കഥകളി പാട്ടുകാരൻ കലാമണ്ഡലം ഹൈദ്രാലിയുടെ വിധവ), ശ്രീമതി മാല (അന്തരിച്ച പ്രമുഖ നാടക സംവിധായകൻ തോപ്പിൽ ഭാസിയുടെ മകൾ), ശ്രീമതി പൊന്നമ്മാൾ നടരാജൻ (നാടക കലാകാരനായിരുന്ന ചങ്ങനാശ്ശേരി നടരാജന്റെ വിധവ), ശ്രീമതി സുധാ ദത്തൻ (ആർട്ടിസ്റ്റ് ദത്തന്റെ വിധവ), ശ്രീമതി പാർവ്വതി അമ്മ (മദ്ദള കലാകാരനായിരുന്ന അരവിന്ദാക്ഷന്റെ വിധവ), ശ്രീമതി മീനാക്ഷി (പ്രമുഖ എഴുത്തുകാരനായിരുന്ന എം. സുകുമാരന്റെ വിധവ) തുടങ്ങി പേർക്കാണ് നിലവിൽ ധനസഹായം അനുവദിച്ച് വരുന്നത്.

4. അന്തരിച്ച എം.കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയ്ക്ക് ധനസഹായം നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം. അഭിപ്രായപ്പെട്ടിട്ടുണ്ട്.

> "പ്രശസ്ത മലയാളം സിനിമാ-നാടക സംഗീത സംവിധായകനായ
>
> അന്തരിച്ച ശ്രീ. എം. കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയ്ക്ക് പ്രമുഖരായ കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും വിധവകൾക്കും ആശ്രിതർക്കും പ്രതിമാസം 4,000/-രൂപ (നാലായിരം രൂപ മാത്രം) വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പെൻഷൻ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.
>
> ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

5. പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം നൽകുന്ന സാംസ്കാരികകാര്യ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് ഒരു സാമ്പത്തിക വർഷം 48,000/-രൂപ (നാല്പത്തി എണ്ണായിരം രൂപ മാത്രം) വേണ്ടി വരുന്നതാണ്. പ്രശസ്ത സിനിമാ-നാടക സംഗീത സംവിധായകനായിരുന്ന അന്തരിച്ച എം.കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവയായ ശ്രീമതി ഭാരതിയെ, പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും പ്രതിമാസം 4000/-രൂപ (നാലായിരം രൂപ മാത്രം) ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനമെടുക്കേണ്ട വിഷയം**

പ്രശസ്ത സിനിമാ - നാടക സംഗീത സംവിധായകനായിരുന്ന അന്തരിച്ച എം.കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയെ 'പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും ധനസഹായം' നൽകുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 4000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കാമോ?

4820090/2020/OS-CLAD

# GOVERNMENT OF KERALA
## (SHRI. PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | 111/C3/2020/CLAD |
| 2 | Department | : | Cultural Affairs (C) Department |
| 3 | Subject | : | Granting an amount of Rs.4000/- per month to Smt. Bharathi, widow of Late M. K. Arjunan Master who was an eminent Music Director, under the scheme 'Financial Assistance to the widows /dependents of Eminent men of Arts and Letters' -reg. |
| 4 | Date of Chief Minister's Order for placing before the Council | : | 26/10/2020 |
| 5 | Does the case involve financial commitments/implications and if so, has the Finance Department been consulted and their remarks incorporated in the Note for the Council? | : | Yes<br>:Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : | No<br>: No |
| 7 | Name of Additional Secretary who submitted the Draft Note | : | Sri. Ajith K. Joseph |
| 8 | Name of Secretary who approved the Draft Note | : | Smt. Rani George |
| 9 | Date of approval of the Draft Note for the Council by the Secretary | : | 05/11/2020 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 12/11/2020 |
| 12 | Name of Minister who approved the Draft Note | : | Sri. A. K. Balan |
| 13 | Date of approval of the Draft Note for the Council by the Minister | : | 27/11/2020 |
| 14 | Date of submission of fair copies | : | 15/12/2020 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./Letter communicating the decision | : | |

## Note for Council of Ministers

This note deals with granting monthly financial assistance to Smt. Bharathi, widow of Late M. K. Arjunan Master who was an eminent Music Director, under the scheme, 'Financial assistance to the widows/ dependents of eminent men of Arts and Letters', of Culture Department.

2. Sri. John Fernandez MLA in a petition to Government requested to take favourable action for granting a fixed amount as pension to Smt. Bharathi, widow of the Late M.K.Arjunan Master towards her monthly expenditures.

3. Under the scheme, 'Financial assistance to the widows/dependents of eminent men of Arts and Letters' of Culture Department, monthly assistance of Rs.4000/- is being given to deserving dependants of certain well known and eminent artists and literary men, taking into account their contributions in the field of art and culture by allocating the amount under the head of account 2205-00-102-69(NP). Smt. Mary Antony (widow of the late actor P. J. Antony), Smt. Bicha Baburaj (widow of the late music director Baburaj), Smt. Bhadra (widow of late drama artist Thoppil Krishnapilla), Smt. Hafsa Haidrali (widow of the late Kathakali musician Kalamadalam Haidarali), Smt.Mala (daughter of the late dramatist Thoppil Bhasi), Smt.Ponnammal Natarajan ( widow of Drama Artist Changanasseri Natarajan), Smt. Sudha Dathan (widow of Artist Dathan), Smt. Parvathi Amma (widow of Artist Aravindakshan), Smt. Meenakshi ( widow of Late Sukumaran, famous writer) etc. are being given the assistance at present.

4. When the file was forwarded to Finance Department for remarks on granting financial assistance to Smt. Bharathi, widow of late M.K. Arjunan Master, that department opined as follows.

> " പ്രശസ്ത മലയാളം സിനിമാ - നാടക സംഗീത സംവിധായകനായ അന്തരിച്ച ശ്രീ. എം. കെ. അർജ്ജുനൻ മാസ്റ്ററുടെ വിധവ ശ്രീമതി ഭാരതിയ്ക്ക് പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും വിധവകൾക്കും ആശ്രിതർക്കും പ്രതിമാസം 4,000/- രൂപ (നാലായിരം രൂപ മാത്രം) വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പെൻഷൻ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു.
>
> ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

5. An amount of Rs.48,000/- (Rupees Forty Eight Thousand only ) will be required in an year for granting the assistance. Hon.Chief Minister has ordered to place the proposal for granting financial assistance to Smt.Bharathi, under the scheme, 'Financial Assistance to the widows/dependents of Eminent men of Arts and Letters', of Culture Department, before the Council of Ministers.

**Points for Decision**

Whether an amount of Rs.4000/- per month may be sanctioned as financial assistance to Smt.Bharathi, widow of Late M. K. Arjunan Master who was an eminent Music Director, under the scheme 'Financial Assistance to the widows/dependents of Eminent men of Arts and Letters' of Culture Department?